**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2230** **20-01-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡ് ബി.പി.എൽ. ആയി മാറ്റുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ . ബാബു | | Shri P. Thilothaman<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | അർഹതപ്പെട്ട മുഴുവൻ പേർക്കും ബി.പി.എൽ. കാർഡ് നൽകാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ; അതിനായി നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വന്നശേഷം റേഷൻകാർഡ് വിതരണത്തിൽ ബി.പി.എൽ / എ.പി.എൽ എന്ന ക്രമീകരണം അവസാനിച്ചു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വന്നതോടെ സാമൂഹികവും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഏറ്റവും അർഹരായ മുൻഗണനാ വിഭാഗത്തെ 18.09.2017ലെ സ.ഉ.(സാധാ നം. 320/17/ ഭ.പൊ.വി.വ പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 1,54,80,040 അംഗങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയായതിനാൽ മേൽപ്പറഞ്ഞ നടപടികൾ തുടരുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ബി .പി.എൽ. കാർഡ് ആക്കി മാറ്റുന്നതിനായി ലഭിച്ച അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ